**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3440** **08-10-2025 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ ചട്ടങ്ങൾ പ്രകാരം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | LP- 1:30 (1 മുതൽ 5 വരെ )<br>UP-1:35 (6 മുതൽ 8 വരെ)<br>HS- 1:45 (9 മുതൽ 10 വരെ) |
| (ബി) | കാസർകോട് ജില്ലയിലെ പല സ്കൂളുകളിലും മലയാളം മീഡിയത്തോടൊപ്പം കന്നഡ മീഡിയവും നിലനിൽക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 28 സർക്കാർ ഹൈസ്കൂളുകളിലും 5 എയ്ഡഡ് ഹൈസ്കൂളുകളിലും മലയാളത്തോടൊപ്പം കന്നഡ മീഡിയവും നിലനിൽക്കുന്നുണ്ട്. |
| (സി) | ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക നിർണ്ണയിക്കുമ്പോൾ മലയാളം മീഡിയം വിദ്യാർത്ഥികളുടെ എണ്ണത്തെ മാത്രം പരിഗണിക്കുന്നതിനാൽ കന്നഡ മീഡിയം വിദ്യാർത്ഥികൾക്ക് മതിയായ ഇംഗ്ലീഷ് അദ്ധ്യാപകരുടെ സേവനം ലഭ്യമാകാതെ പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | 5/7/2024- ലെ സ.ഉ. (കൈ) നം.78/2024/പൊവിവ, 26/09/2024- ലെ സ.ഉ.(കൈ) നം.120/2024/ പൊവിവ എന്നീ ഉത്തരവുകൾ പ്രകാരം, കന്നഡ/ മലയാളം കുട്ടികളെ ഒന്നായി പരിഗണിച്ച് ഒരു ഡിവിഷന് 5 പീരീഡ് എന്ന ക്രമത്തിൽ ഇംഗ്ലീഷ് തസ്തിക കണക്കാക്കുന്നതിനാൽ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് അധ്യാപകരുടെ സേവനം ലഭിക്കുന്നു. |
| (ഡി) | ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക നിർണ്ണയത്തിൽ കന്നഡ മീഡിയം വിദ്യാർത്ഥികളുടെ എണ്ണവും കൂടി ഉൾപ്പെടുത്തി അവർക്കും സമാനമായ സൗകര്യം ലഭ്യമാക്കുന്നതിനായി അനുയോജ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | 5/7/2024- ലെ സ.ഉ. (കൈ) നം.78/2024/പൊവിവ, 26/09/2024- ലെ സ.ഉ.(കൈ) നം.120/2024/ പൊവിവ എന്നീ ഉത്തരവുകൾ പ്രകാരം, കന്നഡ മീഡിയം കുട്ടികൾക്കും ഇംഗ്ലീഷ് അധ്യാപകരുടെ സേവനം ലഭ്യമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ